## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 708** — **05-10-2021 - ൽ മറുപടിയ്ക്ക്**

## കൊറ്റനാട് സർവീസ് സഹകരണ ബാങ്ക് ക്രമക്കേട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി കൊറ്റനാട് സർവീസ് സഹകരണ ബാങ്കിൽ ലോൺ അനുവദിക്കുന്നതിൽ വ്യാപക ക്രമക്കേട് നടന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിൽ പ്രവർത്തിക്കുന്ന കൊറ്റനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. എ. 153-ൽ വായ്പ അനുവദിച്ചതിലും ചിട്ടി നടത്തിപ്പിലും വ്യാപകമായ സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടുണ്ട്. മല്ലപ്പള്ളി സഹകരണ സംഘം അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ യൂണിറ്റ് ഇൻസ്പെക്ടറുടെ വിശദമായ പരിശോധനയിലും അതോടൊപ്പം തന്നെ ബാങ്കിൽ നടന്ന 2010-2011, 2011-2012 വർഷത്തെ ആഡിറ്റിലും കൂടുതൽ ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തിരുന്നു. പ്രസ്തുത ബാങ്കിനെതിരെ കേരള സഹകരണ നിയമം വകുപ്പ്-65 പ്രകാരം അന്വേഷണം നടത്തുകയും, തുടർന്ന് 68(1) പ്രകാരം ക്രമക്കേടുകളിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരുടെ ബാദ്ധ്യത ക്ലിപ്തപ്പെടുത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും, ആയതു പ്രകാരം സഹകരണ നിയമം വകുപ്പ് 68(2) പ്രകാരമുള്ള സർചാർജ്ജ് ഉത്തരവ് നൽകിയിട്ടുള്ളതുമാണ്. |
| (ബി) | ശ്രീമതി അന്നമ്മ മാത്യൂസ്, വെങ്ങാമൂട്ടിൽ ഹൗസ് എന്ന വ്യക്തിക്ക് പ്രസ്തുത ബാങ്കിൽ നിന്നും നിക്ഷേപത്തുക തിരികെ നൽകാതെ വഞ്ചിച്ചതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ അനുകൂല ഉത്തരവ് ഉണ്ടായിട്ടും നിക്ഷേപത്തുക തിരികെ നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത വ്യക്തിക്ക് അടിയന്തരമായി തുക തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | ശ്രീമതി. അന്നമ്മ മാത്യൂസ് വെങ്ങാമൂട്ടിൽ ഹൗസ് എന്ന വ്യക്തിയുടെ നിക്ഷേപത്തിന്റെ പകുതിയോളം തുക തിരികെ നൽകിയിരുന്നു. ശ്രീമതി.അന്നമ്മ മാത്യൂസിന് ബഹു. ഹൈക്കോടതിയുടെ അനുകൂല ഉത്തരവ് ഉണ്ടായിട്ടും മതിയായ ഫണ്ട് ഇല്ലാത്തതിനാലാണ് നിക്ഷേപത്തുക തിരികെ നൽകുന്നതിന് സാധിക്കാത്തത്. ഫണ്ടിന്റെ അഭാവംമൂലം ദൈനംദിന ആവശ്യങ്ങൾ പോലും നിറവേറ്റാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ബാങ്ക് ബഹുമാനപ്പെട്ട കേരള |

| | | | |
|---|---|---|---|
| | | | ഹൈക്കോടതിയുടെ ഉത്തരവ് നടപ്പിലാക്കുന്നതിന് സാവകാശം തേടിയിട്ടുണ്ട്. ബാങ്കിൽ ഫണ്ട് വരുന്ന മുറയ്ക്ക് മുൻഗണന ക്രമത്തിൽ നിക്ഷേപത്തുക നൽകുന്നതിന് ബാങ്കിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ